"ഭരണഭാഷ-മാതൃഭാഷ"

No. DWCD/6877/2025-E9

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 18-12-2025
E-Mail:directorate.wcd@kerala.gov.in

<u>വിജ്ഞാപനം</u>

വിഷയം:- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിലെ ഡെപ്യൂട്ടേഷൻ നിയമനം അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന:- സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ 14/03/2019 ലെ എ1/21/2019/സാ.നീ.വ നമ്പർ കത്ത്.

വനിത ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പര്യമുള്ള വനിത ശിശുവികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർ/ ശിശുവികസന പദ്ധതി ഓഫീസർമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

ആലപ്പുഴ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പര്യമുള്ള മേൽ പറഞ്ഞ തസ്തികയിലുള്ള ജീവനക്കാർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ കൺട്രോളിംഗ് ഓഫീസർ മുഖാന്തിരം ഈ വിജ്ഞാപന തീയതി മുതൽ അഞ്ച് പ്രവർത്തി ദിവസത്തിനകം (ഇ-മെയിൽ-wcdestablishment2017@gmail.com) വനിത ശിശുവികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത മാതൃകയിൽ അല്ലാത്തതും സമയ പരിധി കഴിഞ്ഞ് ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വനിത ശിശുവികസന ഡയറക്ടർ

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

<u>പകർപ്പ്</u>:-

1. സൂപ്രണ്ട്, ഐറ്റിസെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

2. സ്റ്റോക്ക് ഫയൽ / സ്പെയർ